**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം -കഠിനംകുളം ഗ്രാമപഞ്ചായത്ത്- മേനംകുളം വില്ലേജ് – പ്ലോട്ട് സബ്ഡിവിഷൻ – ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം :- കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2021 ലെ A1/6045/2021 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/1426/2021-D തീയതി 20/12/2021</u>**

കഠിനംകുളം ഗ്രാമപഞ്ചായത്ത് മേനംകുളം വില്ലേജിൽ സർവ്വേ നമ്പർ 197/10, 11, 11-1 ൽ ഉൾപ്പെട്ട 174.20 ആർ സ്ഥലത്ത് പ്ലോട്ട് സബ്ഡിവിഷൻ നടത്തുന്നതിന് അനുമതിക്കായി ശ്രീ. ജോൺ & എലിസബത്ത് ജോൺ എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി പ്ലോട്ട് സബ്ഡിവിഷന് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. പ്രസ്തുത പ്ലോട്ട് ലേ ഔട്ട്, KPBR -2019 -നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണം.

2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം

3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.

4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5. 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

6. സമർപ്പിച്ചിട്ടുള്ള Key plan- ൽ കാണിച്ചിട്ടുള്ള പുറമ്പോക്കിൽ (Approximate area-119.21mx40m) യാതൊരുവിധ കൈയേറ്റമോ, നിർമ്മാണ പ്രവർത്തനമോ, പുറമ്പോക്കിലെ മണ്ണ് നീക്കം ചെയ്യുന്നതോ ആയ മറ്റു പ്രവർത്തനങ്ങളോ നടത്തുന്നില്ലെന്നും, പുറമ്പോക്കിലേക്കു പ്രസ്തുത സ്ഥലത്തു നിന്നും യാതൊരുവിധ Entry -യും നൽകിയിട്ടില്ലെന്നും, സ്ഥലപരിശോധനാ സമയത്തു പുറമ്പോക്കിലേക്ക് പ്രവേശിക്കുന്നതിന് Compound wall -ൽ നൽകിയിരുന്ന opening അടച്ചിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

7. സ്വാഭാവിക ജലനിർഗമനമാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്.

8 ചട്ടം 31 (1)(xiv) പ്രകാരം നിർദ്ദിഷ്ട ലേ -ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുതലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം /മലിനജലം ) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.

9 Recreation area -യ്ക്കായി നീക്കി വച്ചിട്ടുള്ള ഭാഗങ്ങൾ മറ്റ് ഉപയോഗങ്ങൾക്കായി മാറ്റപ്പെടുന്നില്ലെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**44 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
കഠിനംകുളം ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
Sri A.V.John
TC 4/2177,
Kurichiyethu Achanaril
Marappalam
Pattom P.O.
Thiruvananthapuram 695004